നമ്പർ. 11804/പാർല/2019/നിയമം

നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 2628 17.06.2019 - ൽ മറുപടിക്ക്

## ഓർഡിനൻസുകളുടെ എണ്ണം

ചോദ്യം

ശ്രീ.പി.കെ.ബഷീർ

മറുപടി

ശ്രീ. എ. കെ. ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ നിയമവകുപ്പിൽ ആകെ 124 ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഒരേ ഓർഡിനൻസുകൾ ഒന്നിലേറെ തവണ പുറപ്പെടുവിച്ചത് ഒഴിവാക്കിയാൽ യഥാർത്ഥത്തിൽ പുറപ്പെടുവിച്ച ഓർഡിനൻസുകളുടെ എണ്ണം 60 ആണ്. |
| ബി) | പ്രസ്തുത ഓർഡിനൻസുകൾക്ക് പകരമായി എത്ര ബില്ലുകൾ പാസ്സാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | പ്രസ്തുത ഓർഡിനൻസുകളിൽ 41 എണ്ണത്തിന് പകരം ബില്ലുകൾ പാസ്സാക്കിയിട്ടുണ്ട്. 2019 ലെ 20-ാം നമ്പർ ഓർഡിനൻസ് വഴി പരിയാരം സഹകരണ ആശുപത്രി കോംപ്ലക്സ് ഏറ്റെടുത്ത സാഹചര്യത്തിൽ പരിയാരം ആശുപത്രി കോംപ്ലക്സിന്റെ ഭരണം ഏറ്റെടുത്തു കൊണ്ടുള്ള 2018 ലെ 33, 41, 45, 2019-ലെ 1 എന്നീ ഓർഡിനൻസുകൾക്ക് പകരം ബിൽ അവതരിപ്പിക്കേണ്ട ആവശ്യമില്ലാത്തതാണ്. |

| | | |
|---|---|---|
| സി) | കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചു; അവയിൽ നിയമസഭയിൽ അവതരിപ്പിക്കാൻ ഇനിയും എത്രയെണ്ണം ബാക്കിയുണ്ടെന്നും അവ എന്ന് നിയമസഭയിൽ അവതരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | 25 ഓർഡിനൻസുകൾ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. അവയിൽ 15 ബില്ലുകൾ ഇനിയും നിയമസഭയിൽ അവതരിപ്പിക്കാൻ ബാക്കിയുണ്ട്. |
| ഡി) | അടിയന്തര സാഹചര്യത്തിൽ ഇറക്കുന്ന ഓർഡിനൻസുകൾ ബിൽ ആക്കി നിയമസഭയിൽ അവതരിപ്പിക്കേണ്ടത് എത്ര സമയ പരിധിക്കുള്ളിലാണ്; വിശദമാക്കുമോ; | അടിയന്തര സാഹചര്യത്തിൽ ഇറക്കുന്ന ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ തൊട്ടടുത്തുവരുന്ന നിയമസഭാ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ തൊട്ടടുത്തുവരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിച്ച് പാസ്സാക്കാൻ കഴിയാത്ത പക്ഷം ആയവ സമ്മേളനദിവസം മുതൽ ആറാഴ്ചക്കകം പുന: വിളംബരം ചെയ്യേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത ഓർഡിനൻസുകൾക്ക് പ്രാബല്യമില്ലാത്തതുമാണ്. |
| ഇ) | നിലവിലുള്ള ഓർഡിനൻസുകളിൽ ഏതെല്ലാമാണ് സമയപരിധി കഴിഞ്ഞിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?ഓർഡിനൻസുകളുടെ എണ്ണം | നിലവിലുള്ള ഓർഡിനൻസുകൾക്ക് ഒന്നുംതന്നെ സമയപരിധി കഴിഞ്ഞിട്ടില്ലാത്തതാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ